LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഓർഡർ.... ഓർഡർ... ചെയറിന്റെ പരിഗണനയിലിരിക്കുന്ന അവകാശലംഘന പ്രശ്നം

## XII അവകാശലംഘന പ്രശ്നം

മി. സ്പീക്കർ: ചട്ടം 62 പ്രകാരം താൻ സഭയിൽ 2021 ജൂൺ 1-ന് നടത്തിയ ശ്രദ്ധക്ഷണിക്കലിൽ കടമ്പ്രയാർ നദിയുടെ മലിനീകരണത്തിന് കാരണമായ വ്യവസായ സ്ഥാപനങ്ങളെക്കുറിച്ച് പരാമർശിക്കുകയും അത് അടച്ചുപൂട്ടണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നതിൽ പ്രകോപിതനായി ശ്രീ. ബെന്നി ജോസഫ് എന്ന വ്യക്തി, അദ്ദേഹത്തിന്റെ യു-ട്യൂബ് ചാനലിലൂടെ തന്നെ ആക്ഷേപിച്ചെന്നും ഇത് ഭരണഘടനയുടെ അനുച്ഛേദം 194 സാമാജികർക്ക് നൽകുന്ന വിശേഷാവകാശത്തെ നിഷേധിക്കുന്നതിനുള്ള ശ്രമമാണെന്നും തന്നെ ജനമധ്യത്തിൽ മോശക്കാരനാക്കാനുള്ള ശ്രമമാണെന്നും ആയതിനാൽ ശ്രീ. ബെന്നി ജോസഫിനെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ. പി. ടി. തോമസ്, എം.എൽ.എ. നൽകിയ നോട്ടീസ് ചെയറിന്റെ പരിഗണനയിലാണ്.

## XIII പ്രമേയം

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 'സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നും ഇല്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ്' എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

## XIV അവലോകനം

മി. സ്പീക്കർ: 15-ാം കേരള നിയമസഭയിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തീകരിക്കപ്പെട്ട സാഹചര്യത്തിൽ 2021 മേയ് മാസം 3-ാം തീയതി 14-ാം കേരള നിയമസഭ പിരിച്ചുവിടുകയും അന്നുതന്നെ 15-ാം കേരള നിയമസഭ നിലവിൽ വരികയും ചെയ്തു. പ്രോട്ടെം സ്പീക്കറായി നിയോഗിക്കപ്പെട്ട മുതിർന്ന അംഗം ശ്രീ. പി. ടി. എ. റഹീം മേയ് 21-ാം തീയതി ബഹുമാനപ്പെട്ട ഗവർണർ മുൻപാകെ നിയമസഭാംഗമായി സത്യപ്രതിജ്ഞ ചെയ്യുകയുണ്ടായി. 15-ാം കേരള നിയമസഭയുടെ ആദ്യസമ്മേളനം പ്രോട്ടെം സ്പീക്കറുടെ അദ്ധ്യക്ഷതയിൽ മേയ് 24-ാം തീയതി ചേരുകയും